**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6198** **17-03-2023 - ൽ മറുപടിയ്ക്ക്**

**കർഷകർക്കുള്ള വൈദ്യുതി സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷകർക്കുള്ള വൈദ്യുതി സബ്സിഡി നേരിട്ട് അക്കൗണ്ടിലേക്ക് നൽകുന്നതിനുള്ള സംവിധാനം നിലവിൽ ഉണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (എ) | കാർഷിക ആവശ്യത്തിനായി കർഷകർ ഉപയോഗിക്കുന്ന സൗജന്യ വൈദ്യുതിയുടെ ആനുകൂല്യം Direct Benefit Transfer മുഖാന്തിരം പത്തനംതിട്ട ജില്ലയിൽ പരീക്ഷണാ- ടിസ്ഥാനത്തിൽ 05.11.2020-ലെ സ.ഉ. (കൈ) നം: 82/2020 കൃഷി. പ്രകാരം നടപ്പിലാക്കി വരുന്നു.<br><br>കർഷകർക്കുള്ള വൈദ്യുതി സബ്സിഡി നേരിട്ട് ഗുണഭോക്താക്കളുടെ ഗ്രൂപ്പുകൾ/ പാടശേഖര സമിതികൾ തുടങ്ങുന്ന ബാങ്ക് അക്കൗണ്ടിലേക്ക് Direct Benefit Transfer പ്രകാരം കൈമാറ്റം ചെയ്യുന്നതിനുള്ള സംവിധാനം സംസ്ഥാനമൊട്ടാകെ വ്യാപിപ്പി ക്കുന്നതിന് 22.09.2021-ലെ സ.ഉ. (കൈ) നം: 82/2021 കൃഷി. സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ, കെ.എസ്.ഇ.ബി. ലിമിറ്റഡും, കൃഷിവകുപ്പും സ്വീകരിച്ചു വരുന്നു.<br><br>23.01.2023-ലെ സ.ഉ.(കൈ)നം.11/2023/AGRI. സർക്കാർ ഉത്തരവ് പ്രകാരം കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (DBT) സമ്പ്രദായം മുഖാന്തിരം സംസ്ഥാനമൊട്ടാകെ നടപ്പാക്കു ന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഭേദഗതിപ്രകാരം കെ.എസ്.ഇ.ബി.എൽ -ലേക്ക് തുക ഒടുക്കുന്നതിന് മാത്രമായി കർഷക ഗ്രൂപ്പുകൾ/പാടശേഖര സമിതികൾഎന്നിവയുടെ പേരിലുള്ള designated zero balance escrow ബാങ്ക് അക്കൗണ്ട്, ഗ്രൂപ്പുകൾ തുടങ്ങാൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിൽ ഗുണഭോക്താവായ കർഷകർക്ക് വ്യക്തിഗത ‘’designated zero balance escrow’ ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതാണെന്നും ആയതിനുള്ള നടപടികൾ ഡയറക്ടർ, കാർഷിക വികസന കർഷക |

| | | | |
|---|---|---|---|
| | | | ക്ഷേമ വകുപ്പ് സത്വരം സ്വീകരിക്കേണ്ടതുമാണ്. അപ്രകാരം ആരംഭിക്കുന്ന അക്കൗണ്ടിൽ നിന്നും കെ.എസ്. ഇ.ബി.എൽ-ലെ ഉത്തരവാദപ്പെട്ട ഉദ്യോഗ സ്ഥനു മാത്രമേ തുക പിൻവലിക്കാൻ കഴിയുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് കർഷകരുടെ പക്കൽ നിന്നും സമ്മതപത്രം വാങ്ങേണ്ടതാണ്. നിലവിൽ ഗ്രൂപ്പിനുവേണ്ടി പ്രസിഡന്റ്, സെക്രട്ടറി, കൃഷി ഓഫീസർ എന്നിവരുടെ പേരിൽ ആരംഭിച്ചിട്ടുള്ള സംയുക്ത അക്കൗണ്ടും കർഷക സംഘങ്ങൾ, പാടശേഖര സമിതികൾ എന്നിവരുടെ പേരിലുള്ള designated zero balance escrow ബാങ്ക് അക്കൗണ്ട് ആക്കി മാറ്റാവുന്നതാണ്.<br><br>ഈ ഭേദഗതി ഉത്തരവോടുകൂടി കാർഷിക സൗജന്യ വൈദ്യുതി പദ്ധതി സംസ്ഥാനത്ത് നിലവിൽ ഉണ്ട്. |

സെക്ഷൻ ഓഫീസർ